# കന്തീശങ്ങൾ

ലക്കം 24 ഡിസംബർ, ജനുവരി, ഫെബ്രുവരി

പാരിഷ് ബുള്ളറ്റിൻ



ഏവർക്കും ഹൃദയംനിറഞ്ഞ
ക്രിസ്മസ് പുതുവത്സരാശംസകൾ

## സെന്റ് ഗർവ്വാസീസ് & പ്രോത്താസീസ്

കത്തോലിക്കാ പള്ളി, അകപ്പറമ്പ് ഫോൺ: 0484 2611137



# സെന്റ് ഗർവ്വാസീസ് & പ്രോത്താസീസ്

## കത്തോലിക്ക പള്ളി തിരുനാൾ ദിനങ്ങൾ ഫെബ്രുവരി 10, 11, 12



സെന്റ് ആന്റണീസ് കപ്പേള,
കരിയാട്  തിരുനാൾ ജനുവരി 15



സെന്റ് സെബാസ്റ്റ്യൻസ് കപ്പേള. നായത്തോട്
തിരുനാൾ ജനുവരി 26



സെന്റ് തോമസ് കപ്പേള, 6 സെന്റ്
തിരുനാൾ ജനുവരി 29



സെന്റ് ജോസഫ് കപ്പേള, വാപ്പാലശ്ശേരി
തിരുനാൾ മെയ് മാസം

# കന്തീശങ്ങൾ

## പാരീഷ് ബുള്ളറ്റിൻ

ലക്കം 24 ഡിസംബർ, ജനുവരി, ഫെബ്രുവരി 2022 – 23




## താളുകൾ മറയുമ്പോൾ...

വികാരിയച്ചന്റെ സന്ദേശം

കൊച്ചച്ചന്റെ സന്ദേശം

എഡിറ്റോറിയൽ

ക്രിസ്തുമസ്

പറുദീസയാക്കാം

അങ്ങനെ ആ ഒരട്ട നിനക്കും ആയി

ഇടവക ഡയറി

പ്രധാന ദിനങ്ങൾ

കുടുംബയോഗ കൂട്ടായ്മകൾ

ക്രിസ്തുമസ്

കുരിശുവര

ബൈബിൾ വിചിന്തനം

വാഴ്സിങ്ഹാം തീർത്ഥാടനകേന്ദ്രം

## എഡിറ്റോറിയൽ ബോർഡ്

റവ. ഡോ. ജോർജ്ജ് നെല്ലിശ്ശേരി

റവ. ഫാ. ജിനിൽ വടക്കേമുറി

റോബി പെട്ടയിൽ

ഡെന്നി ഡേവിസ്

ജാൻസി ജോജു

ജെയിംസ് പാലാട്ടി

കവർ ഡിസൈൻ:
ആൻസൺ ജോസ് തെക്കേക്കര

*Printed at*

**St. Martin Offset Press**
Angamaly South, Ph: 0484 - 2456533

# അറിയാനും അറിയിക്കാനും



വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്ന് കുട്ടികളുടെ വ്യക്തിത്വ രൂപീകരണം അല്ലെങ്കിൽ സ്വഭാവ രൂപവൽക്കരണമാണ്. ഇത് തത്വത്തിൽ അംഗീകരിക്കപ്പെട്ടപ്പോഴും പ്രയോഗത്തിൽ നടപ്പിലാക്കിയില്ല. ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വലിയ പരാജയങ്ങളിൽ ഒന്നാണിത്. ചെറുപ്പക്കാർക്ക് അറിവും സാങ്കേതിക മികവുകളും ഉണ്ട്. അവർക്ക് മൂല്യബോധം ഇല്ല. അനുകൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും വികസനരംഗത്ത് കുതിപ്പ് ഉണ്ടാകാത്തതിന്റെ മുഖ്യ കാരണം ഇതാണ്. ഇവിടെ ഒത്തിരിയേറെ മതാത്മകതയുണ്ട്. പക്ഷേ മൂല്യബോധം കമ്മിയാണ്.

സഭയുടെ സുപ്രധാന ദൗത്യങ്ങളിൽ ഒന്ന് വിശ്വാസ രൂപീകരണമാണ്. ഇതിനു വേണ്ടിയാണ് നാം വ്യവസ്ഥാപിത രീതിയിൽ വിശ്വാസ പരിശീലന ക്ലാസുകൾ നടത്തുന്നത്. ഈ വിശ്വാസ പരിശീലനം ഫലപ്രദമല്ല എന്ന് വിവിധ കോണുകളിൽ നിന്നും പരാതി ഉയരുന്നുണ്ട്. മതബോധനത്തിന്റെ സിലബസ് കാലോചിതമല്ല, അധ്യാപകരുടെ നിലവാരം പോരാ തുടങ്ങിയ പരാതികളിൽ കുറച്ചൊക്കെ കഴമ്പുണ്ടാകാം. എന്നാൽ കുട്ടികളുടെ താൽപര്യം, മാതാപിതാക്കന്മാരുടെ ശ്രദ്ധ എന്നിവയെല്ലാം പ്രധാന ഘടകങ്ങളാണ്. മതബോധന കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തുന്ന മാതാപിതാക്കൾ ആണെങ്കിൽ കുട്ടികൾ മനസ്സിരുത്തി പഠിക്കും എന്നാണ് അനുഭവം. എന്നാൽ മതബോധനത്തെ വഴിപാടായി കാണുന്ന മാതാപിതാക്കന്മാരുടെ കുട്ടികൾ പഠനത്തിൽ ഒട്ടും തല്പരരല്ല തന്നെ.



rawpixel

വിശ്വാസ പരിശീലന സമ്പ്രദായംഎത്ര കാര്യക്ഷമമാണെങ്കിലും രണ്ടാമത് പറഞ്ഞ കുട്ടികളിൽ അത് കാര്യമായ ഫലം ഉണ്ടാക്കുകയില്ല. അവർ വിശ്വാസ പരിശീലനത്തെ ഒഴിവാക്കാനാകാത്ത ഭാരമായി കാണുന്നു. അതിൽനിന്ന് കുതറി മാറുവാൻ ശ്രമിക്കുന്നു. 12 വർഷത്തെ വിശ്വാസ പരിശീലനം അവരിൽ കാര്യമായ സ്വാധീനം ഒന്നും ഉണ്ടാക്കുന്നില്ല. നമ്മുടെ ചെറുപ്പക്കാർ പിന്നീട് മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുമ്പോൾ, പ്രണയ കുരുക്കിൽപ്പെട്ട് വിശ്വാസം നഷ്ടപ്പെടുത്തുമ്പോൾ, ധാർമികമായി അധ:പതിക്കുമ്പോൾ, പലരും വിശ്വാസ പരിശീലനത്തിന്റെ ഫലശൂന്യതയെ പറ്റി വിലപിക്കുന്നു. അതിന്റെ രീതിയെ വിമർശിക്കുന്നു. വിമർശനത്തിൽ കഴമ്പുണ്ടാകാം. പക്ഷേ ഉള്ള വ്യവസ്ഥിതിയിൽ അവർ എത്ര മാത്രം ആത്മാർത്ഥമായി പങ്കെടുത്തു എന്നതാണ് പരിഗണിക്കേണ്ടത്. മേൽപ്പറഞ്ഞ വിധം വിശ്വാസ പരിശീലനത്തെ കടത്തു കഴിക്കൽ ആയി കണ്ട്, അതിന്റെ സ്വാധീനം ഏറെയൊന്നും ഇല്ലാതെ പോകുന്നവരാണ് വിശ്വാസത്തെ മറന്ന് പെരുമാറുന്നത് എന്ന് ഉറപ്പിച്ചു പറയാം

മാതാപിതാക്കന്മാർ തന്നെ വിശ്വാസത്തെ വലിയ നിധിയായി കാണുകയും, വിശ്വാസ കൈമാറ്റം തങ്ങളുടെ വലിയ ഉത്തരവാദിത്വമായി പരിഗണിക്കുകയും അതിനുവേണ്ടി വിശ്വാസ പരിശീലന സമ്പ്രദായത്തോട് ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്താലേ വിശ്വാസ പരിശീലനം ഫലപ്രദം ആവുകയുള്ളൂ...

സ്നേഹപൂർവ്വം

വികാരിയച്ചൻ



# കൊച്ചച്ചന്റെ സന്ദേശം

വീണ്ടും ഒരു ക്രിസ്മസ്ക്കാലം വന്നെത്തി. അതിനുള്ള ഒരുക്കത്തിലാണ് നമ്മൾ ഓരോരുത്തരും...ഇവിടെ ഒരു ചോദ്യം പ്രസക്തമാണ്. ക്രിസ്തു എന്നിൽ ജനിക്കുമോ?  ഈ കാലമത്രയും ജനിച്ച ക്രിസ്തു ഇന്ന് എവിടെയാണ്?

ഇന്ന് നമ്മൾ ഒത്തിരി നക്ഷത്രങ്ങൾ തൂക്കാറുണ്ട്.  അന്ന് ഒരു നക്ഷത്രമാണ് ഉണ്ടായിരുന്നത്... അവിടെ ക്രിസ്തുവും ഉണ്ടായിരുന്നു.  ഇന്ന് അനേകം നക്ഷത്രങ്ങൾ നമ്മൾ തൂക്കുമ്പോൾ അവിടെ ക്രിസ്തു ഉണ്ടോ എന്ന് നാം ഒന്ന് അന്വേഷിക്കണം. പണ്ഡിതനായിക്കൊള്ളട്ടെ പാമരൻ ആയിക്കൊള്ളട്ടെ അതാണ് സ്വർഗ്ഗം ഭൂമിക്ക് തന്ന പ്രാതിനിധ്യം... ഒന്നും അറിയാത്ത ആട്ടിടയന്മാർ... എല്ലാം അറിയുന്ന പണ്ഡിതന്മാർ... ഇവർ രണ്ടുപേരും സമാധാനം കണ്ടെത്തിയത് ക്രിസ്തുവിനെ കണ്ടപ്പോഴാണ്. നാം ആരായിരുന്നാലും ക്രിസ്തു നമ്മിൽ ഉണ്ടായാൽ മാത്രമേ നമ്മിലും ഈ സമാധാനം അനുഭവിക്കാൻ സാധിക്കൂ. അതുവരെ നാം കാത്തിരിക്കണം. ഒരു ജനത കാത്തിരുന്ന പോലെ കാത്തിരിക്കണം. അപ്പോഴാണ് ഉരുവാകുന്ന ദൈവത്തെ, അനുദിനം വളർത്തുവാൻ പുണ്യത്തിന്റെ പാതയിലൂടെ നടന്ന് കുഞ്ഞിപ്പൈതലിനെ എന്റെ ഹൃദയമാകുന്ന ഭവനത്തിൽ ശുശ്രൂഷിക്കുവാൻ എനിക്ക് സാധിക്കൂ... ഇവിടെയാണ് ക്രിസ്മസ് നൽകുന്ന വലിയ സന്ദേശം. ചെറുതാകലാണ്, കാലിത്തൊഴുത്തോളം ചെറുതായി സ്വർഗ്ഗത്തോളം വളരുവാൻ, ഞാനെന്ന ഭാവം വെടിഞ്ഞ് അപരനെ ലയിക്കുന്ന സാഹോദര്യം എന്നിൽ പിറക്കാൻ നാം തയ്യാറാകണം.

അവിടെ നമ്മൾ ഒന്നാണ് എന്ന വലിയ അനുഭവത്തിലേക്ക് നമ്മൾ വളരും. സാഹോദര്യം ഉണ്ടാകും- സ്നേഹം ഉണ്ടാകും- ക്രിസ്തുമസ് ഒരു അനുഭവമാകും. ഭിന്നതകൾ മറന്ന് ഒന്നാവാനും, സൗഹൃദങ്ങൾ പുതുക്കിയും, ചുറ്റുമുള്ള ഭവനങ്ങൾ സന്ദർശിച്ചും, രോഗികളെ പരിചരിച്ചും, സമ്മാനങ്ങൾ കൈമാറിയും ഈ അനുഭവം നമുക്ക് സ്വന്തമാക്കാം. നമ്മൾ ഒന്നാണ് എന്ന അനുഭവത്തിൽ ഒന്നിച്ചു നിന്ന് കൈകൾ കോർത്ത് ക്രിസ്തുമസിനും വരുന്ന തിരുനാളുകൾക്കായിയും നമുക്ക് ഒരുങ്ങാം.

ഒരിക്കൽ കൂടി ക്രിസ്തുമസ് പുതുവത്സര ആശംസകൾ.. ഒപ്പം തിരുനാൾ മംഗളങ്ങളും നേർന്നുകൊള്ളുന്നു എന്ന്

സസ്നേഹം
നിങ്ങളുടെ കൊച്ചച്ചൻ

# അഭിനന്ദനങ്ങൾ

**ലോഗോസ് ക്വിസ്സിൽ 80% കൂടുതൽ മാർക്ക് വാങ്ങിയവർ**

| | |
|---|---|
| ലിസ്സ നൈജോ | 89 |
| നിജി ബിബിൻ മഠത്തുംകുടി | 82 |
| ജയ ജൂണി കിഴക്കേകൊാട്ടുപറമ്പിൽ | 81 |

## എഡിറ്റോറിയൽ

ലോകം മുഴുവൻ ആഘോഷിക്കുന്ന ഒരേ ഒരു ഉത്സവമാണ് അഥവാ തിരുനാളാണ് ക്രിസ്മസ്... കാലഘട്ടത്തെ എഡി എന്നും ബിസി എന്നും തിരിച്ച തിരുനാൾ... മരിക്കുവാൻ ആയി മാത്രം ലക്ഷ്യം വച്ച് ജനിച്ച ദൈവപുത്രന്റെ ജന്മദിന തിരുനാൾ...

ലോകം മുഴുവൻ സൃഷ്ടിച്ച, എല്ലാത്തിന്റെയും ഉടയവനായ ദൈവം, ജനിച്ചതോ ഒന്നുമില്ലായ്മയുടെ അടയാളമായ കാലിത്തൊഴുത്തിൽ.. എളിമയും ദാരിദ്ര്യവും മാത്രം കൈവശമുള്ള, ഒരു പാവം അമ്മയുടെ മകനായി ജനനം... ദാരിദ്ര്യത്തിന്റെ മുഖച്ഛായ അണിഞ്ഞ വെറുമൊരു തച്ചന്റെ വളർത്ത് പുത്രനായി ജനിക്കുന്ന ദൈവം... ആ ദൈവകുമാരന്റെ ജനനം ആദ്യമായി അറിഞ്ഞതോ... പാർശ്വവൽക്കരിക്കപ്പെട്ട, സമൂഹത്തിൽ നിന്നും അകറ്റപ്പെട്ട ജനമായ ആട്ടിടയർക്ക്...

ആഘോഷങ്ങളുടെ ആഘോഷമായ ക്രിസ്മസ്, നമുക്ക് തരുന്നത് മറ്റൊരാശയമാണ്... അഹറോന്റെ നേതൃത്വത്തിൽ കാളകുട്ടിയെ ഉണ്ടാക്കി വിഗ്രഹ ആരാധന അർപ്പിച്ചതോടെ, യഹൂദ സംസ്കാരത്തിൽ കാള കുട്ടിക്ക് ദൈവകോപത്തിന് ഇരയായതു എന്ന രീതിയിൽ ഒരു ചിന്ത ഉണ്ടായിരുന്നു. എന്നാൽ വീണ്ടെടുപ്പിന്റെ സൂചനയാക്കി, ഈശോയുടെ ജനന സമയത്ത്, കൊടും തണുപ്പിൽ നിന്ന് രക്ഷ നേടുവാനുള്ള ചൂട് പകരുവാൻ, അവിടന്ന് കാലിത്തൊഴുത്തിൽ ഇടയാക്കിയതും കാളയെതന്നെ... ഈ ക്രിസ്മസ് വീണ്ടെടുപ്പിന്റെ ക്രിസ്മസ് ആണ്... നഷ്ടപ്പെട്ടുപോയ ബന്ധങ്ങളെ വീണ്ടെടുക്കുവാൻ, പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്ത് നിർത്തുവാൻ ദൈവം തന്ന ഈ അവസരം യുക്തമായ രീതിയിൽ ചെയ്യുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.. ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും എല്ലാ ആശംസകളും അനുഗ്രഹങ്ങളും പ്രാർത്ഥിച്ച് നേരുന്നു...

എഡിറ്റർ



# ക്രിസ്തുമസ്

**സി. മീന ഡേവിസ്**
മദർ, ഹോസ്പീസ്

**ലോ**ക ജനത മുഴുവൻ യേശുക്രിസ്തുവിന്റെ ജനന തിരുനാൾ ആഘോഷിക്കുന്ന ദിനം ക്രിസ്തുമസ്... ക്രിസ്തുമസ് എന്നതിനേക്കാൾ ദൈവത്തിന്റെ ശൂന്യവൽക്കരണം എന്ന് പറയുന്നതാകും കൂടുതൽ ഉത്തമം. കാരണം വിണ്ണിലെ ദൈവം മണ്ണിലിറങ്ങി... മണ്ണിൽ ഉള്ളവരെ വിണ്ണിലേക്ക് ഉയർത്തുവാൻ...! മനുഷ്യനെ അത്രമാത്രം സ്നേഹിച്ച ദൈവത്തിന് അല്ലാതെ, ആർക്കാണ് ഇതിന് സാധിക്കുക. ഏകജാതനെ നൽകുവാൻ തക്കവിധം അത്രമാത്രം ലോകത്തെ സ്നേഹിച്ചവൻ അല്ലേ ദൈവം.

“അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം.. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം... “ലൂക്ക 2:14. മഞ്ഞു പൊഴിഞ്ഞ ആ രാത്രിയിൽ ആട്ടിടയന്മാരെ ഉറക്കത്തിൽ നിന്ന് ഉണർത്തിയ ദൈവദൂതന്മാരുടെ ഗീതം...

ഇന്നും നമ്മുടെ കർണ്ണപുടങ്ങളിൽ പതിക്കട്ടെ അതേ ഗാനം... നമ്മെയും ഉറക്കത്തിൽ നിന്ന് ഉണർത്തുവാൻ കൈകുമ്പിളിൽ ആഴിയെ അളക്കുകയും, വിശാലതയെ ചാണിൽ ഒതുക്കുകയും, ഭൂമിയിലെ പൊടിയെ അളവ് പാത്രത്തിൽ ഉൾക്കൊള്ളിക്കുകയും

പർവതങ്ങളുടെ ഭാരം വെള്ളി കോലിൽ നിശ്ചയിക്കുകയും, കുന്നുകളെ തുലാസിൽ തൂക്കുകയും ചെയ്യുന്നവൻ, എന്ന് ഏശയ്യ പ്രവാചകൻ പ്രവചിച്ചവൻ കാലത്തിന്റെ പൂർണ്ണതയിൽ കാലിത്തൊഴുത്തിന്റെ നിസ്സാരതയിൽ പിറന്നുവീണു... അവനാണ് ക്രിസ്തു... കാലിത്തൊഴുത്ത് കരുണയുടെ കവാടമായിരുന്നു.

ഈശോയുടെ ജനനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പ്രധാനപ്പെട്ട മൂന്നു വ്യക്തിത്വങ്ങളാണ് നമ്മുടെ ഓർമ്മയിലേക്ക് കടന്നു വരിക. യൗസേപ്പിതാവ്, മാതാവ്, ഉണ്ണിയേശു. വിശ്വം മുഴുവൻ നിറഞ്ഞു നിൽക്കുവാൻ കഴിവുള്ള ഒരു വിശേഷണമാണ് യൗസേപ്പിതാവിന് ബൈബിൾ നൽകുന്നത്. അവൻ "നീതിമാനായിരുന്നു" അതു കൊണ്ടുതന്നെ വിവാഹത്തിനുമുൻപ് ഗർഭിണിയായ മേരിയെ അദ്ദേഹത്തിന് ഉപേക്ഷിക്കുവാൻ സാധിച്ചില്ല. തന്റെ സകല കാര്യങ്ങളും കണ്ടറിഞ്ഞു ചെയ്യുന്ന തന്റെ ഭർത്താവായ യൗസേപ്പിതാവിനെ മാറ്റി നിർത്തുവാൻ മേരിക്കും കഴിഞ്ഞില്ല. തന്നെക്കാൾ ദരിദ്രനായി ഈ ഭൂമിയിൽ ആരും ഉണ്ടാകരുതെന്ന മനോഭാവം യേശുവിനെ പുൽക്കൂട്ടിലേക്ക് എത്തിച്ചു. സത്രത്തിൽ സ്ഥലം അന്വേഷിച്ചു വന്ന തങ്ങളെ ആരും സ്വീകരിക്കാത്തത് കൊണ്ട് ജനിക്കാൻ പോകുന്ന ദൈവപുത്രന് കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ സ്ഥലം ഒരുക്കുവാൻ യൗസേപ്പിതാവും മാതാവും നിർബന്ധിതരായി. കാലികളുടെ മധ്യേ രാജാധിരാജൻ ദൈവപുത്രൻ പിറന്നു പരസ്പരം സഹായിച്ച, വളർത്തിയ, എല്ലാവരെയും തങ്ങളെക്കാൾ ശ്രേഷ്ഠരായി കണ്ട തിരുകുടുംബം നമുക്ക് മാതൃകയായിരിക്കട്ടെ.

ഇപ്പോഴത്തെ ക്രിസ്തുമസ് ആഘോഷങ്ങളിലെ ഒഴിച്ച് കൂടാൻ ആകാത്ത ഒരു ഘടകമായിരിക്കുന്നു ക്രിസ്മസ് പപ്പാ അല്ലെങ്കിൽ സാന്താക്ലോസ്. ആഘോഷങ്ങളും അലങ്കാരങ്ങളും എല്ലാം പാപ്പയ്ക്ക് അധികം പ്രാധാന്യം കൊടുത്തു തുടങ്ങിയില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും ഉണ്ണിക്ക് പകരം ആവില്ല പാപ്പ. ആരാണ് ഈ ക്രിസ്മസ് പപ്പാ? ആധുനിക തുർക്കിയിലെ പത്താര എന്ന ഗ്രാമത്തിൽ ജനിച്ചു വളർന്ന ഒരു വിശ്വാസി പേര് നിക്കോളാസ്. പാവങ്ങളോട് അതിരറ്റ കരുണയുണ്ടായിരുന്ന അദ്ദേഹം ഒരു സന്യാസസഭയിൽ ചേർന്നു. ആ കാലത്ത് അവിടെ ഒരു വീട്ടിലെ മൂന്ന് അവിവാഹിത കന്യകമാർ നാശത്തിലേക്ക് നീങ്ങാൻ ഇടയുണ്ടെന്ന് കണ്ടപ്പോൾ അവരുടെ വിവാഹത്തിന് ആവശ്യമായ പണം

അദ്ദേഹം ആ വീട്ടിൽ മൂന്നു പ്രാവശ്യം ആയി രാത്രിയിൽ ഇട്ടു കൊടുത്തു. പണം ഇട്ടു പോയപ്പോൾ ഗ്രഹനാഥൻ നിക്കോളാസിനെ കണ്ട് പാദങ്ങൾ മുത്തിയിട്ട് ചോദിച്ചു, നീക്കോളാസ് അങ്ങ് എന്തിന് എന്നിൽ നിന്ന് മറഞ്ഞു നിൽക്കുന്നു അങ്ങ് എന്റെ ഉപകാരി അല്ലേ... അങ്ങല്ലേ എന്റെയും എന്റെ മക്കളുടെയും ആത്മാക്കളെ നരകത്തിൽ നിന്ന് രക്ഷിച്ചത്. ഈ സംഭവത്തെ അടിസ്ഥാനപ്പെടുത്തിയാണ് ക്രിസ്മസ് പപ്പാ വിശുദ്ധ നിക്കോളാസ് ആണെന്ന് പറയുന്നത്. ആവശ്യത്തിൽ ഇരിക്കുന്നവർക്ക് ഉദാരമായി കൊടുക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

ക്രിസ്മസ് ആഘോഷത്തെ വർണ്ണാഭമാക്കുന്ന ഒന്നാണ് ക്രിസ്മസ് ട്രീ. ജർമ്മനിയിലാണ് ഈ പതിവ് ആരംഭിച്ചത് മുറ്റത്തു നിൽക്കുന്ന ഒരു മരത്തെ മനോഹരമായി അലങ്കരിച്ചു നിർത്തുന്നു. പിന്നീട് ആ മരങ്ങളിൽ വിളക്കുകൾ വയ്ക്കുവാൻ ആരംഭിച്ചു വിശുദ്ധിയിലും വിജ്ഞാനത്തിലും നിറഞ്ഞ സാക്ഷ്യ കൂടാരങ്ങളായി അപരന്റെ മുൻപിൽ നാം നിലകൊള്ളണം എന്ന ഒരു സന്ദേശമാണ് ക്രിസ്മസ് ട്രീ നമുക്ക് നൽകുന്നത്. നന്മയുടെ ബൾബുകളും ജ്ഞാനത്തിന്റെ നക്ഷത്രങ്ങളും സൽ വചനങ്ങൾ ആകുന്ന ആശംസ കാർഡുകളും കൊണ്ട് നമുക്ക് നമ്മെ തന്നെ അലങ്കരിക്കാം..

വിവേകത്തിന്റെയും പച്ചപ്പ് നമുക്ക് എന്നും കാത്തുസൂക്ഷിക്കാം.. എല്ലാവർക്കും ക്രിസ്തുമസ് മംഗളാശംസകൾ നേരുന്നു.

●







# പറുദീസയാക്കാം

സി. മിഷേൽ CSN

ഞങ്ങളുടെ പതിനൊന്നാം ക്ലാസിലെ വേദപാഠ കുട്ടികളോട് ഒരു ചോദ്യം ചോദിച്ചു എന്തുകൊണ്ടാണ് സ്ത്രീകൾക്ക് നേരെ യുള്ള അതിക്രമങ്ങൾ വർധിച്ചുവരുന്നത്? ഉത്തരങ്ങൾ പലവിധത്തി ലുള്ളതായിരുന്നു. വീട്ടിൽ ആൺകുട്ടികൾക്കാണ് പ്രാധാന്യം, പെൺ കുട്ടിക്ക് സ്വാതന്ത്ര്യം കുറവാണ്, പരസ്പരം സംസാരിക്കുവാൻ മാതാപിതാക്കന്മാർ സമ്മതിക്കുന്നില്ല, ഒരു ക്ലാസ്സിൽ വ്യത്യസ്ത മായ ഇരിപ്പിടങ്ങളും മദ്യപാനം കഞ്ചാവ് എന്നിവയുടെ അമിത ഉപ യോഗം, പോൺ വീഡിയോ കാണുന്നവരുടെ എണ്ണം കൂടുന്നു... ഇങ്ങനെ പോകുന്നു അവരുടെ ഉത്തരങ്ങൾ...

വായിക്കുന്നവർ സ്ത്രീ ശാക്തീകരണമാണ് അടിവരയിടുവാൻ ഉദ്ദേശിക്കുന്നത് എന്ന് ചിന്തിക്കുവാൻ വരട്ടെ. നമുക്ക് തുടർന്നു വായിക്കാം. ഒരേ വീട്ടിൽ അപ്പനും അമ്മയും ജോലിക്ക് പോകുന്നു. രണ്ടുപേരും തിരിച്ചു വീട്ടിൽ എത്തുന്നത് ക്ഷീണിതരായിട്ടാണ്. എന്നാൽ അമ്മ വീണ്ടും പണികളിലേക്ക് കടക്കുകയാണ്. അപ്പൻ മൊബൈൽ കാണുകയോ അല്ലെങ്കിൽ പുറമേ എവിടെയെങ്കിലും കളിക്കുവാനോ കൂട്ടുകാരുമായി സംസാരിക്കുവാനോ പോകുന്നു.

ഇത്തരം സന്ദർഭങ്ങൾ സ്ത്രീകൾക്ക് ഒരു പരിധിവരെ വിഷമകരമാണ്. എങ്കിലും "നമ്മൾ അല്ലാതെ പിന്നെ ഇത് ആര് ചെയ്യാനാ" എന്ന് ഓർത്ത് ചെയ്തു തീർക്കുന്നവരാണ് അധികവും. ഈ ചെയ്തു തീർക്കൽ പല പൊട്ടിത്തെറികളിലേക്കും എത്താറുണ്ട്. പുത്തൻ ശൈലിയിൽ ഒരു വെടിക്കെട്ട് തന്നെ വീട്ടിൽ ഉണ്ടാകാറുണ്ട്.

ഇനി നമുക്ക് മാതൃകയാക്കാവുന്നതും അനുകരിക്കാവുന്നതുമായ ഒരു കുടുംബത്തിലേക്ക് കടന്നു ചെല്ലാം. നസ്രത്തിലെ തിരുകുടുംബത്തിലേക്ക്. രണ്ടുപേരും ഒരേ ദൈവവിളി സ്വീകരിച്ചവരാണ്. രണ്ടു പേരും വിവാഹത്തിലൂടെ ഒന്ന് ചേർന്നവരും ആണ്. തിരുവചനങ്ങളിലൂടെ കടന്നുപോകുമ്പോൾ മാതാവ്, യൗസേപ്പിതാവിനെക്കാൾ കുറച്ചുകൂടെ ശ്രദ്ധാകേന്ദ്രം ആകുന്നു. എന്നാൽ പരാതിപ്പെടുന്ന ഒരാളായിട്ടല്ല കാണുക. ജീവിതത്തിലെ പല സന്ദർഭങ്ങളിലും ഹൃദയത്തിൽ സംഗ്രഹിച്ചും നിശബ്ദമായിട്ടും നിയന്ത്രണം നഷ്ടപ്പെടാതെയും ജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചു. ഇരുവർക്കും ഉത്തരവാദിത്തങ്ങൾ പലതായിരുന്നു എങ്കിലും പരസ്പരം തർക്കിച്ചില്ല. പരസ്പരം സഹായിച്ചും ക്ഷമിച്ചും വിട്ടുവീഴ്ച ചെയ്തും സുഖദുഃഖങ്ങളിൽ പങ്കുചേർന്നു. അതിനാൽ യേശു എന്ന മകൻ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു. ഇവിടെ ശാക്തീകരണം പുറമേ നിന്നല്ല പരസ്പരം തമ്മിൽ തമ്മിലാണ്. അതിക്രമങ്ങൾ ഇല്ല പരസ്പര പീഡനങ്ങൾ ഇല്ല അധിപനോ അധീനനോ ഇല്ല പകരം പരസ്പര സഹകരണവും സന്തോഷവും സ്നേഹവും.



പ്രിയപ്പെട്ടവരെ നമ്മുടെ കുടുംബം റസലിംഗ് ഗോദയല്ല: മറ്റുള്ളവരെ ഏതു വഴിയിലൂടെ കീഴടക്കാം എന്ന് ചിന്തിക്കുന്ന ചെസ്സ് ബോർഡ് അല്ല. പകരം ഭൂമിയിലെ പറുദീസയാണ്. നിങ്ങളുടെ പറുദീസയിലും ക്രിസ്തു പിറക്കട്ടെ എന്ന് ആശംസിക്കുന്നു. തിരുപ്പിറവിയുടെയും തിരുകുടുംബത്തിന്റെയും തിരുനാൾ ആശംസകൾ നേർന്നുകൊണ്ട്.

●



# "അങ്ങനെ ആ ഒരട്ട നിനക്കും ആയി..."

**Febin John payyapilly koluvan**
Unit15 ,working in UAE

"അവന്റെ നീട്ടി വളർത്തിയ മുടി കണ്ടാൽ അറിയാം, അവനൊരു കഞ്ചൻ ആണെന്ന്.."

"അവളുടെ ആ മെയ്ക് അപ്പ് കണ്ടാൽ അറിയാം പോക്ക് കേസ് ആണെന്ന്.. ."

"പുതിയ വണ്ടിയിൽ കയറിയുള്ള അവന്റെ ആ വരവ് കണ്ടാൽ അറിയാം ഒരു അഹങ്കാരിയാണെന്ന്.."

"അവളുടെ ആ തടി കണ്ടോ.. ഒടുക്കത്തെ തീറ്റയായിരിക്കും "

നമ്മുടെ വീടുകളിൽ, കവലകളിൽ, തൊഴിലിടങ്ങളിൽ ഒക്കെ സാധാരണയായി കണ്ടു വരുന്ന ചില സംഭാഷണങ്ങൾ ആണ് മുകളിൽ ചിലത്...

മനുഷ്യൻ തന്റെ മൃഗതൃഷ്ണകൾ വെടിഞ്ഞു പരിഷ്കൃത രൂപം പൂണ്ടതിനൊപ്പം സ്വായത്തമാക്കിയ 'ഗുണഗണങ്ങളിൽ' ഏറ്റവും പ്രധാനപ്പെട്ടതാണ് മുൻവിധി. ആദ്യമായി കാണുന്ന ഒരു മനുഷ്യനെ അവന്റെ രൂപം വച്ച് വിധിക്കുക; ഒരു പുസ്തകത്തെ അതിന്റെ പുറംചട്ട കൊണ്ട് വിലയിരുത്തുന്ന പോലെ...

രണ്ടായിരം വർഷങ്ങൾക്കു മുൻപ് ഇതു പോലെ ഒരാളെ ജനങ്ങൾ വിലയിരുത്തിയിരുന്നു.. "അവൻ ആ തച്ചന്റെ മകൻ അല്ലേ..?" "നസ്രത്തിൽ നിന്നും നന്മയോ..?" "ഇവന് സിനഗോഗിൽ എന്താണ് കാര്യം...?"

കൊട്ടാരത്തിൽ ശങ്കുണ്ണി സമാഹരിച്ച ഐതീഹ്യമാലയിൽ പാക്കനാരുടെ ഒരു കഥയുണ്ട്. ഒരു ദിവസം പാക്കനാരും ഭാര്യയും നടന്നു പോകുമ്പോൾ എതിരെ ഒരു നമ്പൂതിരി വന്നു. അന്നത്തെ രീതിയനുസരിച്ച് അവർ തീണ്ടാപ്പാട് അകലെ നിന്ന് നമ്പൂതിരിക്ക് പോകാൻ വഴി കൊടുത്തു. അപ്പോഴാണ് പാക്കനാരുടെ ഭാര്യയുടെ വക ഒരു കിടിലൻ ഡയലോഗ്; "സ്വന്തം മകളെ ഭാര്യയായി വച്ച് കൊണ്ടിരിക്കുന്ന ഈ മുശടൻ നമ്പൂരിക്ക് നമ്മൾ എന്തിനാ വഴി മാറി കൊടുക്കുന്നേ..."

"അങ്ങനെ ആ ഒരട്ട നിനക്കും ആയി..." അപ്രതീക്ഷിതമായി തന്റെ ഭർത്താവിൽ നിന്നും കേട്ട ആ കൊലമാസ്സ് മറുപടി മനസ്സിലാകാതെ ഭാര്യ കണ്ണ് മിഴിച്ചു.

ഭാര്യയുടെ ഭാവം കണ്ട് പാക്കനാർ കാര്യം വിശദീകരിച്ചു. "ഈ നമ്പൂതിരി ഒരു ദിവസം പാവപ്പെട്ടവർക്ക് അന്നദാനം നടത്തുകയായിരുന്നു. വാർത്തു വച്ച ചോറ് വിളമ്പാൻ എടുത്തപ്പോഴുണ്ട് അതിൽ ഒരു അട്ട. അങ്ങനത്തെ ചോറ് പിന്നീട് വിളമ്പാൻ പാടില്ല എന്നാണല്ലോ നിയമം.. എന്നാൽ പെട്ടെന്ന് അത്രയും ചോറ് സംഘടിപ്പിക്കാനുള്ള ബുദ്ധിമുട്ടും മറ്റു ചിലവുകളും പരിഗണിച്ച് നമ്പൂരി അട്ട വീണ ചോറ് വന്നവർക്കെല്ലാം വിളമ്പി."

"നല്ല നെറിവുള്ള നമ്പൂരി.. " ഭാര്യ കളിയാക്കിക്കൊണ്ട് പറഞ്ഞു.

പാക്കനാർ തുടർന്നു.. "ഈ കാര്യം അറിഞ്ഞ മരണ ദേവനായ യമൻ പിന്നീട് മരണശേഷം സ്വർഗ്ഗ/ നരകങ്ങളിൽ പ്രവേശിക്കുമ്പോൾ നമ്പൂതിരിയെക്കൊണ്ട് 1000 അട്ടകളെ തീറ്റിക്കാൻ തീരുമാനം എടുത്തു. പക്ഷേ ഇത് കേട്ടപ്പോൾ യമന്റെ മുഖ്യ സേവകനും നന്മ തിന്മ കണക്കുകൾ എഴുതുന്നവനുമായ ചിത്രഗുപ്തന് വിഷമമായി. കാരണം ഈ നമ്പൂതിരി എല്ലാ ദിവസവും കിടക്കുന്നതിന് മുൻപ് ഓം ചിത്രഗുപ്തായ നമ: എന്ന് ജപിച്ചാണ് കിടക്കുക."

"ഭക്തവത്സലനായ ചിത്രഗുപ്തൻ ഈ കാര്യം നമ്പൂതിരിയോട് പറഞ്ഞു. കാര്യം കേട്ട് സങ്കടത്തിലായ നമ്പൂരി ചിത്രഗുപ്തനോട്

## യൂണിറ്റ് വാർഷികം





## സെപ്റ്റംബർ 8





## ഇടവക ശ്രാദ്ധം




























# സ്നേഹസ്മരണയ്ക്ക്





**കെ.പി. ദേവസ്സി**

ജനനം : 25.09.1916

മരണം : 18.01.1996



**അന്നംകുട്ടി ദേവസ്സി**

ജനനം : 25.06.1922

മരണം : 02.01.2014

# Congratulations

**Kerala university athletics intercollegiate**
**20 km walking - First**

**AMALA MARTIN**



KUIC/ 2022-2023
No : 5833

DEPARTMENT OF PHYSICAL EDUCATION
UNIVERSITY OF KERALA
Certificate

This is to certify that Kum. AMALA MARTIN member of L.N.C.P.E, KARIAVATTOM, THIRUVANANTHAPURAM has secured FIRST Place in 20KM WALK in the Kerala University Inter Collegiate (Inter zone) ATHLETICS(WOMEN) CHAMPIONSHIP held at UNIVERSITY STADIUM, THIRUVANANTHAPURAM from 07-12-2022 to 09-12-2022 for the year 2022-2023.

Performance : 02Hr.41:06Sec.

Thiruvananthapuram
Date : 08-12-2022

DIRECTOR







CISCE ദേശീയതലത്തിൽ നടത്തിയ ചെസ്സ് മത്സരത്തിൽ 17 വയസ്സിൽ താഴെയുള്ള പെൺകുട്ടികളുടെ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ **സിയ ഷിജു**വിന് അഭിനന്ദനങ്ങൾ...

തന്നെ ഒരു ഉപായം പറഞ്ഞു തരാൻ അപേക്ഷിച്ചു. ആലോചന യ്ക്കു ശേഷം ചിത്രഗുപ്തൻ പറഞ്ഞു നാളെ മുതൽ നിന്റെ മകളെ നിനക്കുള്ള വെള്ളം ചൂടാക്കാനും വസ്ത്രം അലക്കാനും ഒക്കെ ഏല്പിക്കുക.. നമ്പൂരിയ്ക്ക് കാര്യം മനസിലായില്ലെങ്കിലും ഇഷ്ട ദേവനായ ചിത്രഗുപ്തൻ പറഞ്ഞപ്രകാരം കാര്യങ്ങൾ ഒക്കെ ചെയ്തു."

"ഇത് കണ്ട് കാര്യം അറിയാതെ പലരും ആ നമ്പൂരിയെ ആവശ്യം ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞു തുടങ്ങി... അങ്ങനെ പറയുന്ന ഓരോ രുത്തർക്കും ആ അട്ടകളിൽ ഓരോന്നിനെ വീതം തീറ്റിക്കാൻ ചിത്ര ഗുപ്തൻ കണക്കിൽ വരവ് വച്ചു. അങ്ങനെ ആ ആയിരം അട്ടകളിൽ ഒന്ന് മാത്രം ബാക്കിയായി. ആ ഒരെണ്ണം ഇപ്പോ നിനക്കും കിട്ടി..."

കാര്യം അറിയാതെ വിധിച്ച ഭാര്യയ്ക്കോ, താൻ പറഞ്ഞ കാര്യ ങ്ങളിൽ വല്ലാത്ത വിഷമവുമായി.

നമ്മിൽ പലർക്കും തങ്ങളുടെ പരിമിതമായ ഭാവനകളുടെയും അറിവുകളുടെയും പൊട്ടക്കിണറുകളുടെ അപ്പുറമുള്ളതെല്ലാം മോശപ്പെട്ട കാര്യങ്ങൾ ആണ്. പ്രത്യേകിച്ച് അത് മറ്റുള്ളവർ ചെയ്യുമ്പോൾ.. നമ്മുടെ സങ്കുചിതമായ മന: സ്ഥിതികളുടെ ഒരു നേർക്കാഴ്ചയാണിത്.

ഈ ക്രിസ്തുമസ് കാലത്ത് നമുക്ക് മറ്റുള്ളവരെ വിധിക്കാതിരി ക്കാൻ പരമാവധി ശ്രമിക്കാം. മാനുഷികമായ ബലഹീനതകളെ മറികടക്കാൻ പുൽക്കൂട്ടിൽ ഭൂജാതനായ ഈശോയുടെ എളിമയും ശൂന്യവൽക്കരണത്തിന്റെ ഉദാത്തമായ ആ മാതൃകയും നമ്മളെ സഹായിക്കട്ടെ...

എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു..

●

| വി. കുർബാന സമയം | |
|---|---|
| സാധാരണ ദിവസങ്ങൾ | 6.30 am |
| ഞായറാഴ്ച | 7.00 am |
| .... | 9.15 am |
| | 5.30 pm |

# ഇടവക ഡയറി

**ജനറൽ സെക്രട്ടറി**

1. സെപ്റ്റംബർ 8 മാതാവിന്റെ ജന്മദിനം. മേരി സംഗമം നടത്തി. എല്ലാ മേരിമാർക്കും ജപമാല നൽകി. ഗ്രോട്ടോ വരെയുള്ള പ്രദക്ഷിണവും നടത്തി. എല്ലാവർക്കും പായസ വിതരണവും നടത്തി.
2. ഒക്ടോബറിൽ ഒന്നുമുതൽ 10 വരെ ഇടവക ദേവാലയത്തിൽ കൊന്ത നമസ്കാരം നടത്തി. 11 മുതൽ 31 വരെ മരിയൻ പ്രയാണവും നടത്തി.
3. ഒക്ടോബർ 16 മിഷൻ ഞായർ. യൂണിറ്റുകളിൽ നിന്ന് ഉൽപന്ന ശേഖരണം നടത്തി ലേലം ചെയ്തു മിഷന് ഫണ്ട് ഉണ്ടാക്കി. സെൻട്രൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഫുഡ് ഫെസ്റ്റ് (പ്രഭാത ഭക്ഷണവും ഉച്ചയ്ക്ക് ചിക്കൻ ബിരിയാണിയും) നടത്തി. ഭക്ത സംഘടനകളുടെയും മതബോധന വിഭാഗത്തിന്റെയും സഹകരണത്തോടെ മിഷൻ ഞായർ ഭംഗിയായി ആഘോഷിച്ചു.
4. നവംബർ 26 ഇടവക ശ്രാദ്ധം. പ്രത്യേക കുർബാന വലിയ ഒപ്പീസ്, ഭക്ഷണം എന്നിവ നടത്തി. കൺവീനർമാരായിരുന്ന വിൽസൺ തോമസ്, സണ്ണി തെക്കേക്കര, അനു മാർട്ടിൻ, ജെയിംസ് പാലാട്ടി എന്നിവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.
5. 4,6,7,8,12,14 യൂണിറ്റുകളുടെ വാർഷിക ആഘോഷങ്ങൾ നടത്തി



## വിവാഹ ഒരുക്ക കോഴ്സ്

| മാസം | ജീവാലയ ഫാമിലി പാർക്ക്, കാലടി – 0484 2462607, 8281544111 | റിന്യൂവൽ സെന്റർ, കലൂർ – 0484 2533077, 9387074643 |
|---|---|---|
| ജനു. | 03 – 05, 17 – 19 | 09 – 11, 23 – 25 |
| ഫെബ്രു. | 31 – 02, 14 – 16, 21 – 13 | 06 – 08 |
| മാർച്ച് | 14 – 16, 28 – 30 | 06 – 08 |

# പ്രധാന ദിനങ്ങൾ

**ഡിസംബർ**

2 ആദ്യ വെള്ളി
3 വി. ഫ്രാൻസിസ് സേവിയർ
4 സെൻട്രൽ കമ്മിറ്റി
7 കന്യക മറിയത്തിന്റെ അമലോൽഭവം
11 പാരിഷ് കൗൺസിൽ
25 ക്രിസ്മസ്
26 വി.സ്റ്റീഫൻരക്തസാക്ഷി
27 വി. യോഹന്നാൻ ശ്ലീഹാ
28 കുഞ്ഞി പൈതങ്ങൾ
തിരു കുടുംബത്തിന്റെ തിരുനാൾ

**ജനുവരി**

1 ദൈവമാതാവ് മറിയം
3 ചാവറ കുര്യാക്കോസ്
6 ദനഹാ തിരുനാൾ
20 വി സെബാസ്റ്റ്യനോസ്
26 വി തിമോത്തി വി തീത്തോസ്
31 ഡോൺ ബോസ്കോ

**ഫെബ്രുവരി**

11 ലൂർദ് മാതാവ്


## ബുള്ളറ്റിൻ പരസ്യ നിരക്ക്

| | |
|---|---|
| ബാക്ക് കവർ പേജ് / ഫ്രണ്ട് ഇന്നർ | 5000 |
| ബാക്ക് ഇന്നർ | 2500 |
| ഫുൾ പേജ് | 1500 |
| ഹാഫ് പേജ് | 750 |

അന്വേഷണം:9745877515
kantheesangal@gmail.com
robypettayil50@gmail.com

# കുടുംബയോഗ കൂട്ടായ്മകൾ

| തീയതി | ഭവനം | സമയം |
|---|---|---|
| **യൂണിറ്റ് 1 – നസ്രത്ത്** | | |
| 01.01.23 | നസ്രത്ത് നോവിഷ്യേറ്റ് | 4.00 pm |
| 05.02.23 | കിഴക്കുംതല ജോണി | 4.00 pm |
| 05.03.23 | മഞ്ഞളി ആന്റണി റെജി | 4.00 pm |
| **യൂണിറ്റ് 4 – സെന്റ് ആന്റണി** | | |
| 01.23 | ........... | |
| 02.23 | കരുമത്തി മാത്യു ഷിബു | 4.00 pm |
| 03.23 | പയ്യമ്പിള്ളി ബാബു ഫിലോമിന | 4.00 pm |
| **യൂണിറ്റ് 5 – സെന്റ് തെരേസ** | | |
| 11.12.22 | കന്നപ്പിള്ളി റാഫെൽ ദേവസിക്കുട്ടി | 4.00 pm |
| 08.01.23 | കന്നപ്പിള്ളി ഔസേപ്പ് പൗലോസ് | 4.00 pm |
| | | |
| **യൂണിറ്റ് 8 – സെന്റ് തോമസ്** | | |
| 10.01.23 | കാഞ്ഞൂക്കാരൻ ചാക്കപ്പൻ അന്നംകുട്ടി | 6.30 pm |
| 07.03.23 | വിതയത്തിൽ പൗലോ ജോസ് | 6.30 pm |
| | | |
| **യൂണിറ്റ് 9 – സെന്റ് സെബാസ്റ്റ്യൻസ്** | | |
| 21.01.23 | വട്ടപ്പറമ്പൻ കുഞ്ഞിപൗലോ കുഞ്ഞവര | 6.45 pm |
| 18.02.23 | വട്ടപ്പറമ്പൻ കുഞ്ഞിപൗലോ പാപ്പച്ചൻ | 6.45 pm |
| | | |

| യൂണിറ്റ് 10 – സെന്റ് ജൂഡ് | | |
|---|---|---|
| 01.23 | മൽപ്പാൻ പോൾ ജോസ് | 6.30 pm |
| 02.23 | മൽപ്പാൻ ഔസേപ്പ് | 6.30 pm |
| 03.23 | മൽപ്പാൻ മാർട്ടിൻ ചാക്കപ്പൻ | 6.30 pm |
| **യൂണിറ്റ് 11 – സെന്റ് മേരീസ്** | | |
| 10.12.22 | തെക്കിനേത്ത് ദേവസ്സി മാർട്ടിൻ | 5.30 pm |
| 14.01.23 | മൂലൻ പാപ്പു വിൽസൺ | 5.30 pm |
| 11.02.23 | തെക്കേക്കര എൽസി ഡേവിസ് | 5.30 pm |
| **യൂണിറ്റ് 12 – സെന്റ് ജോർജ്** | | |
| 25.12.22 | പാലാട്ടി ഉറുമീസ് ഫ്രാൻസിസ് | 6.45 pm |
| 22.01.23 | വടക്കിനേത്ത് ജോയ് പോൾ | 6.45 pm |
| 26.02.23 | വടക്കിനേത്ത് വർഗീസ് ബൈജു | 6.45 pm |
| **യൂണിറ്റ് 13 – സെന്റ് ഫ്രാൻസിസ് അസ്സീസ്സി** | | |
| 20.12.22 | കല്ലേലി പൗലോ മാർട്ടിൻ | 6.45 pm |
| 18.01.23 | കല്ലേലി യോഹന്നാൻ ബാബു | 6.45 pm |
| 15.02.23 | കല്ലേലി വർഗ്ഗീസ് അനീസ് | 6.45 pm |
| **യൂണിറ്റ് 14 – സെന്റ് ജോസഫ്** | | |
| 29.01.23 | ഷൈജു പാലാട്ടി | 6.00 pm |
| 26.02.23 | ജോസഫ് വർക്കി | 6.00 pm |
| 26.03.23 | ജസ്റ്റിൻ ജോസഫ് | 6.00 pm |
| **യൂണിറ്റ് 15 – ഹോളിഫാമിലി** | | |
| 01.23 | മൂലൻ അന്തോണി ബേബി | 4.00 pm |
| 02.23 | മൂലൻ ജോൺ ആൻസി | 4.00 pm |
| 03.23 | മൂലൻ ജോൺ മേരി | 4.00 pm |



# ക്രിസ്തുമസ്

**സി. ഷൈല ഏറേത്ത്**

**ദൈ**വം തന്റെ പുത്രനെ അന്ധകാരാവൃതമായ ഈ ലോകത്തിലേക്ക് പ്രകാശമായി, ലോകത്തിന്റെ വിശുദ്ധീകരണത്തിനായി തന്ന ദിവസമാണ് ക്രിസ്തുമസ്. മനുഷ്യജീവിതം ഏത് സംഘർഷങ്ങളിലൂടെ, ഇല്ലായ്മകളിലൂടെ, അരാജകത്വത്തിലൂടെ, കടന്നുപോകുന്നുവോ, അതേ വിധം അവരോട് കൂടെ ജീവിച്ച് ഒരേസമയം ദൈവസ്വഭാവവും മനുഷ്യ സ്വഭാവവും സമന്വയിപ്പിച്ച് അവരോടൊപ്പമായിരുന്ന മനുഷ്യനെ രക്ഷിച്ചു. ക്രിസ്തുവിന്റെ ജനനത്തോടെ അധികാര പ്രമത്തതയും സിംഹാസനങ്ങളും തകർക്കപ്പെട്ടു. സ്വാർത്ഥ താല്പര്യരായ സാമ്രാജ്യങ്ങൾ വീണുടഞ്ഞു. അതുകൊണ്ടുതന്നെ രാജാക്കന്മാരുടെ രാജാവായ ക്രിസ്തുവിന്റെ ജനനത്തിൽ ഹേറോദോസ് അസ്വസ്ഥനാവുകയും നിഷ്കളങ്കരായ പൈതങ്ങൾ സത്യത്തിനും നീതിക്കും വേണ്ടിയുള്ള ആദ്യ രക്തസാക്ഷികൾ ആവുകയും ചെയ്തു. ഹേറോദോസിനെ പോലെ യഥാർത്ഥ സത്യത്തെ ഇല്ലായ്മ ചെയ്തു സ്വന്തം കാഴ്ചപ്പാടുകളും താല്പര്യങ്ങളും സുരക്ഷിതത്വവും ഉറപ്പിക്കുവാൻ നാം ശ്രമിക്കാറുണ്ടോ? എങ്കിൽ ഈ ക്രിസ്തുമസ് നമുക്ക് അന്യമാണ്.

പൗരസ്ത്യ ദേശത്തു നിന്ന് വന്ന ജ്ഞാനികളായ രാജാക്കന്മാർ അസാധാരണ നക്ഷത്ര ദർശനത്തിലൂടെ രാജാവായ ക്രിസ്തു ജനിച്ചു എന്ന് തിരിച്ചറിഞ്ഞപ്പോൾ, ആ രാജാവിന്റെ മഹത്വത്തിനു മുൻപിൽ തങ്ങളുടെ രാജപദവി നിഷ്പ്രഭമാണെന്ന് മനസ്സിലാക്കി രാജാക്കന്മാരുടെ രാജാവിനെ തേടി പുറപ്പെട്ടു. അപ്പോൾ ദൈവം അവരെ നയിച്ചു. പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശു ദൈവ പുത്രനും, ലോകത്തെ രക്ഷിക്കുവാനുള്ളവനും ഭരിക്കുവാനുള്ളവനും

എന്ന് തിരിച്ചറിയാനും വിശ്വസിക്കുവാനും ഉള്ള കൃപ ദൈവം അവർക്ക് നൽകി.

അക്ഷരാഭ്യാസമില്ലാത്ത, സമൂഹത്തിൽ വിലയില്ലാത്ത ഇടയൻമാർക്ക് മാലാഖയുടെ വാക്കുകൾ വിശ്വസിക്കുവാനും ഉണ്ണിയേശുവിനെ കാണുവാനും, തിടുക്കത്തിൽ യാത്രയാകുവാനും പ്രേരകമായത് തങ്ങൾ നയിക്കപ്പെടുന്നത് ദൈവത്താൽ ആണെന്ന ബോധ്യത്തോടെ കൂടി ദൈവകരങ്ങളിൽ സുരക്ഷിതത്വം കണ്ടെത്തി ദൈവാശ്രയത്തോടെയുള്ള ഒരു ജീവിതം നയിച്ചിരുന്നതിനാലാണ്.

ഈ ഭൂമിയിൽ ജനിച്ച് ദൈവകുമാരനെ പിതാവായ ദൈവം തിരഞ്ഞെടുത്തത് വിശുദ്ധിയിൽ മാത്രം ചരിച്ച, അധ്വാന പ്രിയനും വിനീതനുമായ യൗസേപ്പിനെ ആണ്. സ്വപ്നത്തിൽ ലഭിക്കുന്ന ദൈവിക സന്ദേശങ്ങളെ മറുചോദ്യം ഉന്നയിക്കാതെ നിസംശയം ഏറ്റുവാങ്ങി ഉടനടി അനുസരിച്ച് പ്രവർത്തിക്കുന്ന വിശുദ്ധ യൗസേപ്പ് ദൈവപരിപാലനയിൽ പൂർണ്ണമായി വിശ്വസിച്ചു. ദൈവഹിതത്തിനു കീഴടങ്ങി വിശുദ്ധിയുടെ വഴിയിലൂടെ മുന്നേറേണ്ടത് എങ്ങനെ എന്ന് കാണിച്ചുതരുന്നു. മറിയവും യൗസേപ്പും ദൈവഹിതത്തിനുള്ളിലേക്ക് സ്വന്തം ഹിതങ്ങൾ ഒന്നും ചേർത്തില്ല.

പിള്ള കച്ച കൊണ്ട് പുൽത്തൊട്ടിയിൽ കിടക്കുന്ന യേശു ഇല്ലായ്മകളിൽ അസ്വസ്ഥരാകാതെ അവയെ ജീവിതവഴിയിലെ രക്ഷാശിലകളായി മാറ്റുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. സത്യത്തിന് സാക്ഷികൾ ആകുവാൻ സഹനം തന്നെ വേണം. സഹിക്കണമെങ്കിൽ സ്നേഹത്തിന്റെ അഗ്നിച്ചിറകുകൾ ഉയരണം. നമ്മുടെ മുൻപിൽ നിൽക്കുന്നവനിൽ ക്രിസ്തുവിനെ കാണുവാൻ ആകുന്ന സ്നേഹം രൂപപ്പെടണം. ആ സ്നേഹം രൂപപ്പെടാൻ ക്രിസ്തു നമ്മിൽ ജനിക്കണം വളരണം നിറയണം. ഡിസംബറിലെ മഞ്ഞിൽ കുളിച്ച് തണുത്തുറങ്ങുന്ന പ്രകൃതിയെ സൂര്യൻ ചൂടുപിടിപ്പിക്കുന്നതു പോലെ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ. ആ ജ്വാലയിൽ നിന്നുള്ള സ്നേഹകിരണങ്ങൾ കുടുംബത്തിലേക്ക് ഇടവകയിലേക്ക് സമൂഹത്തിലേക്ക് ഈ ലോകത്തിലേക്ക് പകരാം. ക്രിസ്തുമസ് ആഘോഷങ്ങളുടെ ലഹരി ക്രിസ്തു തന്നെയാകട്ടെ നന്മയുടെ പങ്കുവയ്ക്കലിന്റെ നക്ഷത്രവിളക്കുകൾ തെളിച്ച് പ്രകാശം ചൊരിയാം

●



# കുരിശുവര



റോബി പെട്ടയിൽ

അനുദിനം പലവട്ടം കുരിശു വരയ്ക്കുന്നവർ ആണല്ലോ നമ്മൾ. എന്തിനാണ് നാം കുരിശു വരയ്ക്കുന്നത്. എന്താണ് ഈ കുരിശു വരയുടെ അർത്ഥം?

ആദ്യമേ ദൈവമായ കർത്താവിനെ നമ്മൾ മനസ്സിൽ ധ്യാനിച്ച് വിളിക്കുകയാണ് തമ്പുരാനേ... ആ തമ്പുരാന് സ്തുതി അർപ്പിച്ചു കൊണ്ടാണ് കൈകൾ കൂപ്പി നാം അങ്ങനെ ചെയ്യുന്നത്. വിശുദ്ധ കുരിശിന്റെ എന്ന് പറഞ്ഞുകൊണ്ട് നാം നമ്മുടെ നെറ്റിയിൽ വരയ്ക്കുന്നതു ഇംഗ്ലീഷ് അക്ഷരമാലയിലെ I എന്ന അക്ഷരമാണ്. I എന്നാൽ ഞാൻ, എന്റെ, അഹം എന്ന അർത്ഥങ്ങളാണ് ഉള്ളത്. അതായത് ഞാൻ എന്ന ചിന്ത... അഹങ്കാരം എന്ന ചിന്ത... എന്റെ എന്ന ചിന്ത... ഏദൻ തോട്ടത്തിലെ അതേ പാപം... എന്നിട്ട് 'അടയാളത്താലേ' എന്ന വാക്ക് പറഞ്ഞുകൊണ്ട് I എന്ന അക്ഷരത്തെ വെട്ടി മുറിക്കുകയാണ് നമ്മൾ ചെയ്യുന്നത്. അതായത് ദൈവമേ എന്നിൽ ഞാനെന്ന അഹങ്കാരത്തിന്റെ ചിന്ത ഉണ്ടാകുവാൻ അനുവദിക്കരുതേ എന്നാണ് ഇതിന്റെ അർത്ഥം. ഇതിനോടൊപ്പം ചിന്ത കൊണ്ട് ഞാൻ ഒരു പാപം ചെയ്യുവാൻ ഇടവരുത്തരുതേ ദൈവമേ എന്ന് നിശബ്ദമായി നാം പ്രാർത്ഥിക്കുന്നു.

‘ഞങ്ങളുടെ ശത്രുക്കളിൽ നിന്നും’ എന്ന് പറഞ്ഞുകൊണ്ട് ചുണ്ടിന്മേലാണ് നാം വരയ്ക്കുന്നത്. അപ്പോൾ ശത്രു ആരാണ്.? യാക്കോബ് ശ്ലീഹാ പറയുന്നു നാവ് തീയാണ്. അതു ദുഷ്ടതയുടെ ഒരു ലോകം തന്നെയാണ്. നമ്മുടെ അവയവങ്ങളിലൊന്നായ അത് ശരീരം മുഴുവനെയും മലിനമാക്കുന്നു; നരകാഗ്നിയാൽ ജ്വലിക്കുന്ന ഈ നാവ് പ്രകൃതിചക്രത്തെ ചുട്ടുപഴുപ്പിക്കുന്നു.

യാക്കോബ് 3 : 6 അതെ, നമ്മുടെ ശത്രു നമ്മുടെ നാവാണ്. എല്ലാ പാപങ്ങളും ചിന്തയിൽ ഉദിച്ചു സംസാരത്തിൽ വളർന്ന് പ്രവർത്തിയിൽ കലാശിക്കുന്നു. ഒട്ടുമിക്കവാറും പ്രശ്നങ്ങളുടെ കാരണം അബദ്ധ സംസാരങ്ങൾ തന്നെ. അതിനാൽ ഇവിടെ ചുണ്ടിനു കുറുകെ I വെട്ടി നമ്മൾ ഇങ്ങനെ പ്രാർത്ഥിക്കുന്നു ദൈവമേ സംസാരം വഴി എന്നെ പാപം ചെയ്യുവാൻ അനുവദിക്കരുതെ...

ഞങ്ങളെ രക്ഷിക്കാ ഞങ്ങളുടെ തമ്പുരാനെ എന്ന് പറഞ്ഞു കൊണ്ട് പ്രവർത്തികളുടെ ഉറവിടം എന്ന് നാം വിശേഷിപ്പിക്കുന്ന ഹൃദയത്തിനു മുകളിൽ കുരിശു വരച്ച്, പ്രവർത്തി മൂലം ഒരു പാപം ചെയ്യുവാൻ എന്നെ അനുവദിക്കരുതേ എന്ന് പറഞ്ഞ് നാം പ്രാർത്ഥിക്കുന്നു... എന്നാൽ, പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു.

യോഹന്നാൻ 19 : 34 ഈശോയെ അങ്ങയുടെ തിരു ചോരയാൽ എന്നെ കഴുകി ശുദ്ധീകരിക്കണമേ എന്ന് പറഞ്ഞാണ് ഇവിടെ നാം പ്രാർത്ഥിക്കുന്നത്..

തുടർന്ന് പിതാവിന്റെയും എന്നു പറഞ്ഞുകൊണ്ട് ശിരസിലാണ് നാം കൈകൾ വയ്ക്കുന്നത്. പിതാവായ ദൈവത്തിന്റെ സ്ഥാനം എന്നും മുകളിൽ, ആകാശത്തിൽ, സ്വർഗ്ഗത്തിൽ എന്നാണ് മനുഷ്യ സങ്കല്പം... മനുഷ്യശരീരത്തിലെ ഏറ്റവും ഉയരത്തിലുള്ള സ്ഥലം ആണല്ലോ നെറ്റി. അതിനാലാണ് ഏറ്റവും ഉയരത്തിൽ പിതാവായ ദൈവത്തിനെ സ്മരിച്ച് നാം കൈകൾ വയ്ക്കുന്നത്. ഇവിടെ പ്രത്യേകം ശ്രദ്ധിക്കണം. ത്രിത്വൈക ദൈവം ഈ നിമിഷത്തിൽ നമ്മുടെ ശിരസ്സിൽ കൈകൾ വച്ച് അനുഗ്രഹിക്കുകയാണ് ചെയ്യുന്നത്. അരൂപിയായ അവിടത്തേക്ക് കരങ്ങൾ ഇല്ലാത്തതിനാൽ പാപികളായ നമ്മളുടെ കരങ്ങൾ അവിടുന്ന് ഉപയോഗിക്കുന്നു എന്ന് മാത്രം..




അപ്പോൾ അനുഗ്രഹം സ്വീകരിക്കുന്നതിന് വേണ്ടി നാം ശിരസ്സ് കുനിച്ച് നമ്മുടെ കരങ്ങൾ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരങ്ങൾ പോലെ പൂർണമായും നെറ്റിയിൽ അമർത്തി വേണം ഈ ശുശ്രൂഷ അനുഷ്ഠിക്കുവാൻ.

പുത്രന്റെയും എന്ന് പറഞ്ഞുകൊണ്ട് നാം കൈകൾ വയ്ക്കുന്നത് ഹൃദയത്തിന്റെ താഴ്ഭാഗത്താണ്. അതായത് പിതാവിനോടൊപ്പം ഉയരങ്ങളിലായിരുന്ന പുത്രനായ ദൈവം ഉയരങ്ങളിൽ നിന്ന് നമ്മളെ രക്ഷിക്കുവാൻ താഴേക്ക് ഇറങ്ങി വന്നു എന്നാണ് ഈ സമയം നാം മനസ്സിലാക്കുന്നത്.

പരിശുദ്ധാത്മാവിന്റെയും എന്ന് പറഞ്ഞുകൊണ്ട് നാം കൈകൾ വയ്ക്കുന്നത് ഇടതുഭാഗത്താണ്. പരിശുദ്ധാത്മാവ് വിശുദ്ധീകരിക്കുന്നവനാണ്. നാം പാപികളും ബലഹീനരും ആയതുകൊണ്ട് നമ്മളുടെ ഇന്നത്തെ അവസ്ഥ ഇടതുഭാഗത്താണ്. നാമത്തിൽ എന്ന് ഉരുവിട്ടുകൊണ്ട് നാം വലതുവശത്ത് കൈവയ്ക്കുമ്പോൾ, ഇടതുഭാഗത്ത് ആയ നമ്മളെ വലതുവശത്ത് വിശുദ്ധിയുടെ വശത്തേക്ക് മാറ്റണമേ എന്നെ വിശുദ്ധീകരിക്കണമേ എന്നാണ് നാം പ്രാർത്ഥിക്കുന്നത്.

ആമേൻ അപ്രകാരം തന്നെ സംഭവിക്കട്ടെ എന്ന് പറഞ്ഞ് ഈ വിശിഷ്ടമായ പ്രാർത്ഥന നാം അവസാനിപ്പിക്കുന്നു. എത്ര അർത്ഥവത്തായതും രക്ഷാകരവുമായ പ്രാർത്ഥന... ഇതിന്റെ അർത്ഥം മനസ്സിലാക്കി ഒരുവട്ടമെങ്കിലും നമുക്ക് ചെയ്യുവാൻ സാധിച്ചിരുന്നെങ്കിൽ...

●

# ഞങ്ങൾ വരവായി



തെക്കേക്കര റോയി അഞ്ജു റയാൻ (വർഗ്ഗീസ്)

മുണ്ടയ്ക്കൽ വിനിൽ അനിത നയന (അന്ന

പുലിക്കോട്ടിൽ പ്രവീൺ

നിയാ ജനീക്ക എലിസ് തെരേസ



# ഞങ്ങൾ ഒന്നായി

പറവട്ടി എലിസബത്ത് & മാത്യു

പയ്യപ്പിള്ളി ജീന & അനൂപ്

പ്ലാക്കൽ ഡാർവിൻ & സോണി

മാളിയേക്കൽ പോൾ & സോണി

# ഞങ്ങൾ യാത്രയായി



| | |
|---|---|
| പ്രാർത്ഥന പ്രേഷിത ഭവൻ സി. റോസിലി | 15.09.2022 |
| കരുമത്തി ദേവസ്സി മാർട്ടിൻ | 09.10.2022 |
| കല്ലേലി പൗലോ വർഗ്ഗീസ് | 17.10.2022 |
| തൊട്ടിപ്പാൻ ഗിരവ്വാസീസ് മേരി | 17.11.2022 |
| പയ്യപ്പിള്ളി ജോർജ് ഏലിക്കുട്ടി | 20.11.2022 |



# ബൈബിൾ വിചിന്തനം

## ഡിസംബർ - ലൂക്കാ 2 :-20

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പിറന്നാൾ ദിവസം. അബ്രാഹത്തിനും ഇസഹാക്കിനും യാക്കോബിനും നൽകിയ വാഗ്ദാനം നിറവേറ്റിയ ദിവസം. സകലരും ആനന്ദ നൃത്തം ആടിയ പുണ്യ ദിനത്തെ സ്വീകരിക്കുവാൻ നാം ഒരുങ്ങണം. അതിനായി പുൽക്കൂട് നിർമ്മിക്കുവാൻ നമ്മുടെ ഹൃദയങ്ങളെ ഒരുക്കണം. ചെറുതാകലിന്റെ മഹത്വം അറിയിച്ചവന്റെ മുൻപിൽ നാം ചെറുതായി, പുണ്യത്തിന്റെ പാതയിലൂടെ നടന്ന് പുൽക്കൂട്ടിലെ സന്തോഷം നമ്മിൽ പൂർത്തിയാക്കുവാൻ പരിശ്രമിക്കാം

## ജനുവരി - മർക്കോസ് :1: 1-11

ദനഹാ എന്ന സുറിയാനി വാക്കിന് ഉദയം, പ്രത്യക്ഷീകരണം, ആവിഷ്കാരം, വെളിപാട് എന്നീ അർത്ഥങ്ങളുണ്ട്. മിശിഹായെ കുറിച്ചുള്ള പിതാവിന്റെയും പരിശുദ്ധ റൂഹായുടെയും സാക്ഷ്യപ്പെടുത്തലും നീതി സൂര്യനായ മിശിഹായുടെ പരസ്യ ജീവിതത്തിന്റെ ആരംഭവുമാണ് അവിടുത്തെ മാമോദിസ അനുസ്മരണമായ ദനഹാ തിരുനാൾ. ഇവിടെ ചെരിപ്പിന്റെ വാറഴിക്കാൻ പോലും യോഗ്യനല്ല എന്ന് പറഞ്ഞ് തന്നെ ഗുരുവിന്റെ മുൻപിൽ സമർപ്പിച്ചവനെപ്പോലെ ആത്മാവിൽ ശക്തരായി വിശ്വാസത്തിനും, പ്രേഷിത പ്രവർത്തനത്തിലൂടെ അനേകരെ വിശ്വാസ ജീവിതത്തിലേക്ക് നടത്തുന്നവർ ആയിരിക്കണം. അതോടൊപ്പം നമ്മുടെ മാമോദിസ വ്രതങ്ങളെയും അനുസ്മരിക്കാം

## ഫെബ്രുവരി - ലൂക്കാ 4 : 1–13

ഈശോയുടെ 40 ദിവസത്തെ ഉപവാസമാണ് വലിയ നോമ്പാചരണത്തിന്റെ അടിസ്ഥാനം. ഉപവാസവും പ്രാർത്ഥനയും കൊണ്ട് തിന്മയുടെ ശക്തിയെ പുറത്താക്കാനും പ്രലോഭനങ്ങളെ അതിജീവിക്കുവാനും കഴിയുമെന്ന ഉറപ്പാണ് നോമ്പുകാലം നമുക്ക് നൽകുന്നത്. മാനസാന്തരം, ധർമ്മദാനം, പ്രാർത്ഥന, ഉപവാസം എന്നിവയിലൂടെ ആർജ്ജിച്ചെടുക്കേണ്ട വിശുദ്ധി നോമ്പുകാലത്തെ പ്രഘോഷണ വിഷയമാണ്. ഹൃദയ വിശുദ്ധിയിലൂടെ നോമ്പിന്റെ ചൈതന്യത്തിൽ കുരിശിന്റെ പാതയിലൂടെ രക്ഷയിൽ എത്താൻ ഈ കാലം നമ്മെ ഓർമിപ്പിക്കുന്നു

---




## തീർത്ഥാടന കേന്ദ്രം.

UK യിലെ നോർവിക്കിൽ നിന്നും 40km അകലെയുള്ള ഒരു ഗ്രാമമാണ് വാഴ്സിങ്ഹാം. നമ്മുടെ വേളാങ്കണ്ണി പോലെയുള്ള ഒരു തീർത്ഥാടന കേന്ദ്രമാണ് അത്. അവിടെ ബസലിക്ക ഓഫ് വാഴ്സിംഗ്ഹാം എന്ന പേരിൽ ഒരു ദേവാലയം ഉണ്ട്. ആ ബസലിക്കയുടെ കീഴിൽ പരിശുദ്ധ മറിയം പ്രത്യക്ഷപ്പെട്ട സ്ഥലത്ത് സ്ലിപ്പർ എന്ന പേരിൽ ഒരു ചാപ്പൽ ഉണ്ട്. 2000ൽ ആണ് ഇതൊരു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടത്. UK യിലെ Radio 4 ഈ തീർത്ഥാടന കേന്ദ്രത്തെ അവരുടെ കേൾവിക്കാർക്ക് ഇഷ്ടമായ ആദ്ധ്യാത്മിക കേന്ദ്രമായി തെരഞ്ഞെടുത്തു. UK യിലെ ഒരു

പ്രധാന തീർത്ഥാടന കേന്ദ്രമാണ്. 1061 ൽ richeldis de Faverches എന്ന പ്രഭിക്ക് കന്യാമേരിയുടെ ദർശനമുണ്ടായി. അതിൻ പ്രകാരം ആ സ്ത്രീയോട് അവിടെ നസ്രത്തിലെ വിശുദ്ധ കുടുംബത്തിന്റെ സ്ഥാനത്ത് പണിത Church of Annunciation എന്ന പള്ളിയുടെ മാതൃകയിൽ ഒരു പള്ളി പണിയാൻ മാതാവ് ആവശ്യപ്പെട്ടു. പള്ളി പണിതപ്പോൾ ഉണ്ണിയേശുവിനെ മാതാവ് മുലയൂട്ടുന്ന തടിയിൽ തീർത്ത ഒരു രൂപവും സ്ഥാപിച്ചു.

എല്ലാ വർഷവും സെപ്റ്റംബർ 24ന് പെരുന്നാൾ ആഘോഷിക്കുന്നു. പ്രധാനമായും സീറോ മലബാർ സഭ നടത്തുന്നതാണ് അത്. 2019 സെപ്റ്റംബറിൽ ഞങ്ങൾ അവിടെ ഉണ്ടായിരുന്നു. അന്ന് അവിടുത്തെ ബിഷപ്പ് സ്രാമ്പിക്കലും ഉണ്ടായിരുന്നു. (ഒരു കാര്യം ഞാൻ ശ്രദ്ധിച്ചത് ഒരു വിധം ഭേദപ്പെട്ട തണുപ്പിലും അദ്ദേഹം പാദരക്ഷകൾ ധരിച്ചിട്ടില്ലായിരുന്നു.) രാവിലെ തന്നെ ബർമ്മിങ്ഹാമിൽ നിന്നും പോയി. ഞങ്ങൾ അവിടെ ചെല്ലുമ്പോൾ അവിടെ UK യിലെ എല്ലാ സീറോ മലബാർ പള്ളികളിലേയും കൊയറുകൾ ചേർന്നുള്ള മലയാളം പാട്ട് ആയിരുന്നു. അതിന് ശേഷം ബിഷപ്പിന്റെ നേതൃത്വത്തിൽ എല്ലാ ഇടവകകളിൽ നിന്നുമുള്ള പുരോഹിതൻമാരുടെ (ഏകദേശം 33 പേർ) ആഘോഷമായ പാട്ടുകുർബാന ആയിരുന്നു. കുർബാനക്ക് ശേഷം നമ്മുടെ നാട്ടിലേത് പോലെയുള്ള പ്രദക്ഷിണമായിരുന്നു. അവിടെ മിക്ക പള്ളികളിലും നമ്മുടെ നാട്ടിൽ നിന്നും ചെണ്ട കൊണ്ട് പോയി കൊട്ട് പഠിപ്പിക്കുന്നുണ്ട്. അവരെല്ലാവരും കൂടി നടത്തിയ ചെണ്ടമേളം കണ്ണിനും കാതിനും ഇമ്പമുള്ളതായിരുന്നു. പിന്നെ മുത്തുക്കുടകളും ഉണ്ടായിരുന്നു. കൂടാതെ കുർബാനക്ക് സഹായിക്കുന്ന കുട്ടികളുടെ ആവേഷത്തിലുള്ള നീണ്ട നിര തന്നെ ഉണ്ടായിരുന്നു, പ്രത്യേക വേഷമിട്ട (കാപ്പ) ദർശനക്കാരുടെ നിരയും.

പെരുന്നാൾ ശരിക്കും ഒരു മലയാളി കൂട്ടായ്മയായിരുന്നു. ഞങ്ങൾ ശരിക്കും കേരളത്തിലായിരുന്നെന്ന് തോന്നി. ഉച്ചയായപ്പോൾ എല്ലാവർക്കും മലയാളി ഭക്ഷണം വിളമ്പി. ഭക്ഷണം നന്നായിരുന്നു. ഭക്ഷണത്തിന് ശേഷം വചന പ്രഘോഷണവും ഉണ്ടായിരുന്നു. അതിനിടയിൽ അപ്രതീക്ഷിതമായി മഴ പെയ്തു. ഗ്രാമപ്രദേശമായതിനാൽ നിറയെ ചെളി ആയിരുന്നു. ധാരാളം കാറുകൾ ഉണ്ടായിരുന്നതിനാലും വഴി ഇടുങ്ങിയതായിരുന്നതിനാലും മടക്കയാത്ര ദുഷ്ക്കരമായിരുന്നു. ഒരു കണക്കിന് രാത്രിയായപ്പോഴേക്കും ബർമിങ്ഹാമിൽ തിരിച്ചെത്തി.

●

# കളർ ചെയ്യൂ... സമ്മാനം നേടൂ



പേര് ..........................................................................................................

അഡ്രസ്സ് ...................................................................................................

വാർഡ് .................................. ഫോൺ ...............................................

ജനുവരി 15 - ന് മുമ്പായി കളർ ചെയ്ത് ഓഫീസിൽ ഏല്പിക്കണം.






**വാർക്ക കട്ടിംഗ്, ചിപ്പിംഗ്**
**മുതലായ വർക്കുകൾ,**
**കെട്ടിടനിർമ്മാണവർക്കുകൾ**
**ചെയ്തുകൊടുക്കുന്നു.**



Contact - ഡേവിസ് പി.വി.

**Ph: 9744547548, 9745393471**

## സ്നേഹസ്മരണയ്ക്ക്

## 2-ാം ചരമവാർഷികം



## പെട്ടയിൽ ആഗസ്തി പൗലോസ്

ജനനം: 03.03.1935

മരണം: 06.12.2020

പ്രാർത്ഥനയോടെ...

സന്തപ്തകുടുംബാംഗങ്ങൾ